A1 22439/24

# ജില്ലാ കോടതി കൽപ്പറ്റ, വയനാട്

നമ്പർ എ 1- 8066/2019

കൽപ്പറ്റ നോർത്ത് പി.ഒ.,
പിൻ - 673 122,
ഫോൺ - 04936-202277
ഇ-മെയിൽ : dtcourtkpt@kerala.gov.in

DISTRICT & SESSIONS COURT TELLICHERRY-670 101 28 NOV 2024

തീയ്യതി : 29.11.2024

## നോട്ടീസ്

വിഷയം :- വയനാട് സിവിൽ ജുഡീഷ്യൽ വകുപ്പിലെ സ്പെഷ്യൽ അതിവേഗ കോടതികളിൽ ഉണ്ടാകാവുന്ന വിവിധ ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ അർഹരും സന്നദ്ധരുമായ വ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : - G.O(P) No.81/2019/Fin dated 09.07.2019.

...........

വയനാട് സിവിൽ ജുഡീഷ്യൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ അതിവേഗ കോടതികളിൽ ഉണ്ടാകാവുന്ന താഴെപ്പറയുന്ന തസ്തികകളിലെ ഒഴിവുകളിലേക്ക് 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തി 62 വയസ്സ് പൂർത്തിയാക്കുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം വരിക അതുവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനു വേണ്ടിയുള്ള പാനലിലേക്ക് നീതിന്യായ വകുപ്പിൽ നിന്നും സമാന തസ്തികയിൽ വിരമിച്ച അർഹരും സന്നദ്ധരുമായ വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

വകുപ്പ് : നീതിന്യായം

| തസ്തിക | മാസശമ്പളം |
|---|---|
| 1. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2<br>ഒഴിവ് - 2 | സ.ഉ.(അച്ചടി) നം.81/2019/Fi തിയ്യതി 09.07.2019 പ്രകാര നിശ്ചയിക്കുന്നതാണ് |
| 2. കമ്പ്യൂട്ടർ അസിസ്റ്റന്റ്/ എൽ .ഡി ടൈപ്പിസ്റ്റ്<br>ഒഴിവ് - 2 | " |
| 3. ഓഫീസ് അറ്റന്റന്റ് ഗ്രേഡ്-2<br>ഒഴിവ് - 4 | " |

(P.T.O)

<u>യോഗ്യത:</u>

1. അപേക്ഷകർ നീതിന്യായ വകുപ്പിൽ നിന്നും വിരമിച്ചവരായിരിക്കണം. യോഗ്യരായവരുടെ അഭാവത്തിൽ മറ്റു വകുപ്പുകളിൽ നിന്നും വിരമിച്ചവരെയും പരിഗണിക്കും.
2. 62 വയസ്സ് പൂർത്തിയാകാൻ പാടില്ല.

കേരള സർവ്വീസ് റൂൾസ് ഭാഗം 1, അനുബന്ധം 1 പ്രകാരം ഒരു കരാർ സമ്മതപത്രത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളും സർക്കാരും തമ്മിൽ ഏർപ്പെടേണ്ടതാണ്. യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പൂർണ്ണമായ ബയോഡേറ്റയോടൊപ്പം ആധാർ കാർഡിന്റെ പകർപ്പ്, വയസ്സ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം "ജില്ലാ ജഡ്ജ്, ജില്ലാ കോടതി കൽപ്പറ്റ, വയനാട് - 673 122" എന്ന വിലാസത്തിലേക്ക് 05.12.2024 വൈകുന്നേരം 5 മണി വരെ അപേക്ഷകൾ നേരിട്ടും തപാലിലും സ്വീകരിക്കുന്നതാണ്. കവറിനു മുകളിൽ 'താത്കാലിക നിയമനത്തിനുള്ള അപേക്ഷ' എന്ന് പ്രത്യേകം കാണിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വ്യക്തമായ അപേക്ഷകൾ dtcourtkpt@kerala.gov.in എന്ന e-mail വിലാസത്തിലും സ്വീകരിക്കുന്നതാണ്.

(ഉത്തരവിൻ പ്രകാരം)

DISTRICT AND SESSIONS COURT KALPETTA, WAYANAD, PIN 673 122

ശിരസ്തദാർ